# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 570** **02-12-2014 ലെ മറുപടിയ്ക്ക്**

## ജ്വല്ലറികളിലെ സ്വർണ്ണ സമ്പാദ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്തെ ജ്വല്ലറികളിൽ പൊതുജനങ്ങളിൽ നിന്നും സ്വർണ്ണ സമ്പാദ്യ പദ്ധതി എന്ന പേരിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം നിക്ഷേപ പദ്ധതികൾ ആരംഭിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് ജ്വല്ലറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ബി), സി) & ഡി) | ഇത്തരം നിക്ഷേപ പദ്ധതികൾതുടങ്ങുന്നതിന് ജ്വല്ലറികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടില്ല. ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് കാലാവധി പൂർത്തിയാകുമ്പോൾ സ്വർണ്ണമായി തിരികെ നൽകുകയാണ് ചെയ്തുവരുന്നത്. ജ്വല്ലറികളിലെ സ്വർണ്ണ സമ്പാദ്യ പദ്ധതികളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ (Admn.), രജിസ്ട്രേഷൻ ഐ.ജി യുടെ ഓഫീസിലെ ലീഗൽ ഓഫീസർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ഓഫ് രജിസ്ട്രേഷൻ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | ഇല്ലെങ്കിൽ എപ്രകാരമാണ് ജ്വല്ലറികൾ ഇത്തരം നിക്ഷേപ പദ്ധതികൾ നടത്തി വരുന്നതെന്ന് അറിയിക്കുമോ; | | |
| ഡി) | അനുമതി ഇല്ലാതെ നിക്ഷേപ പദ്ധതികൾ നടത്തുന്ന ജ്വല്ലറികൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | | |

..........2

സംസ്ഥാനത്തെ ജ്വല്ലറികൾ പൊതുജന ങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുകയും കാലാവധിയാകുമ്പോൾ സ്വർണ്ണത്തിനുപകരം പലിശ സഹിതം പണമായി മടക്കിനൽകുന്നുണ്ടോയെന്ന് ജ്വല്ലറികളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം നിക്ഷേപത്തുക പണമായി മടക്കിനൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ